LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	റോഡുകളുടെ പേര്	ജില്ല	കി.മീ.
പാക്കേജ് 'എ' (മോഡിഫൈഡ്)			
1.	വിദ്യാനഗർ-മായിപ്പാടി-സീതാംഗോളി റോഡ്	കാസർഗോഡ്	9.40
2.	ഉപ്പള-കനിയന റോഡ്	കാസർഗോഡ്	15.60
	ആകെ		**25 കി.മീ.**
	പ്രോജക്ട് ഇക		**81 കോടി രൂപ**
പാക്കേജ് 'ബി'			
3.	കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡ്	കോട്ടയം	36.10
4.	വെള്ളനാട്-ചെറ്റച്ചൽ റോഡ്	തിരുവനന്തപുരം	21.90
	ആകെ		**58 കി.മീ.**
	പ്രോജക്ട് ഇക		**128.90 കോടി രൂപ**

(ബി&സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിലെ ഒരു റോഡും ഏറ്റെടുത്തിട്ടില്ല.

വനിതാപോളിടെക്നിക്കിന് ഹോസ്റ്റൽ, ക്വാർട്ടേഴ്സ് നിർമ്മാണം

142(2783) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ വനിതാപോളിടെക്നിക്കിന് ഹോസ്റ്റൽ, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

കായംകുളം വനിതാപോളിടെക്നിക്കിന് സ്റ്റാഫ് ക്വാർട്ടേഴ്സ്, പ്രിൻസിപ്പാൾ ക്വാർട്ടേഴ്സ് എന്നിവ പണിയാൻ 20-12-2013-ലെ ജി. ഒ. (ആർ‌റ്റി.) നം. 2485/2013/H.Edn. ഉത്തരവ് പ്രകാരം 8.45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.